"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ട്രാൻസ്ജെന്റർ ക്ഷേമം - ലിംഗമാറ്റ ശസ്ത്രക്രിയ്ക്ക് വിധേയരായവർക്ക് തുടർചികിത്സയ്ക്ക് ധനസഹായം അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.173/2023/SJD തീയതി,തിരുവനന്തപുരം, 22-08-2023

---

പരാമർശം:- 1. 14.11.2018-ലെ സ. ഉ (സാധാ) നമ്പർ. 652/2018/സാ.നീ.വ സർക്കാർ ഉത്തരവ്.

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 26/06/2023-ലെ സി.3-1862/2023 നമ്പർ കത്ത്

**ഉത്തരവ്**

ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയരായവരും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുമായ 50 ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 3,000/- രൂപ ക്രമത്തിൽ 12 മാസത്തേക്ക് (ഒരു വർഷക്കാലം) ആകെ 18,00,000/- രൂപ അനുവദിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം 1-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നിബന്ധനകൾ

1, അപേക്ഷിക്കുന്ന വ്യക്തികൾക്ക് ട്രാൻസ്ജെന്റർ ഐ. ഡി. കാർഡ്, മേൽവിലാസം തെളിയിക്കുന്ന ഔദ്യോഗിക രേഖ ഉണ്ടായിരിക്കണം.

2, ലിംഗമാറ്റശസ്ത്ക്രിയ നടത്തിയ റിപ്പോർട്ടും, ശസ്ത്രക്രിയ നടത്തിയ ഡോക്ടറുടെ സാക്ഷ്യപത്രവും.

3, പ്രായപരിധി - 18-നും 40-നും മദ്ധ്യേ.

ആയതിന് ശേഷം പരാമർശം-1 സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മേൽപറഞ്ഞ നിബന്ധനകളിൽ മൂന്നാം പിരിവായിട്ടുള്ള നിബന്ധന ഒഴിവാക്കി ആയത് "18 വയസ്സ് പൂർത്തിയായതും, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ്യമായ എല്ലാ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അവശ്യപ്പെട്ട് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 2-പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവരും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവരുമായ ട്രാൻസ്ജെന്റർ

വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പരാമർശം 1-പ്രകാരം ബാധകമാക്കിയിട്ടുള്ള നിബന്ധനകളിൽ ക്രമ നമ്പർ 3-ായി പരാമർശിക്കുന്ന "പ്രായപരിധി 18-നും 44-നും മദ്ധ്യേ" എന്ന നിബന്ധന "18 വയസ്സ് പൂർത്തിയായതും, ലിംഗമാറ്റ ശസ്ത്രക്രിയ്ക്ക് വിധേയരായതുമായ എല്ലാ ട്രാൻസ്ജെന്റർ വ്യക്തികൾക്കും" എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1-ലെ സർക്കാർ ഉത്തരവ് മേൽപറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ് : ഡയറക്ടർ, സാമൂഹികനീതി വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ഓഡിറ്റ്),
കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 22-08-2023 16:30:14
സെക്ഷൻ ഓഫീസർ